*For circulation among believers only*

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Annual Subscription Rs. 50
Reg.No. M6/72943/08

വാല്യം - 1 | ലക്കം - 2 | സെപ്റ്റംബർ 2009

ആത്മീയ പുതുക്കത്തിന്

# ബാഗ്‌രി ജനതയ്ക്കു ബൈബിൾ നൽകുമോ?

21 ലക്ഷം വരുന്ന ബാഗ്‌രി ജനസമൂഹത്തിന് വേദപുസ്തകം ലഭിക്കാനായുള്ള കാത്തിരിപ്പ് എന്നാണവസാനിക്കുക? ബാഗ്‌രികൾ ഇൻഡ്യയിലും പാക്കിസ്ഥാനിലുമായി വ്യാപിച്ചു കിടക്കുന്നു. ഇൻഡ്യയിലുള്ളവർ ഭൂരിപക്ഷവും അധിവസിക്കുന്നത് രാജസ്ഥാനിലെ ഹനുമാൻ ഗഡ്, ശ്രീഗംഗാനഗർ തുടങ്ങിയ ജില്ലകളിലാണ്. ഹരിയാനയിലെ സിർസാ, ഫത്തേഹബാദ്, പഞ്ചാബിലെ ഫിറോസ്പൂർ



*വിളവെടുപ്പിനായി ബാഗ്രികൾ*

തുടങ്ങിയ ജില്ലകളിലും ഇവർ താമസിക്കുന്നു. പാക്കിസ്ഥാനിലെ സിന്ധ്, പഞ്ചാബ് പ്രവിശ്യകളിൽ ഏതാണ്ട് 2 ലക്ഷത്തോളം ബാഗ്‌രികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. രാജസ്ഥാനി ഭാഷയോടും ഹിന്ദിയോടും സാമ്യമുള്ളതാണ് ഇവരുടെ ഭാഷ. പ്രധാന തൊഴിൽ കന്നുകാലി വളർത്തലും കൃഷിയുമാണ്. ചെറിയ തോതിലുള്ള കുടിൽ വ്യവസായങ്ങളുമുണ്ട്. ഗോതമ്പ്, പയറു വർഗ്ഗങ്ങൾ, പച്ചക്കറികൾ ഇവയാണ് പ്രധാന കൃഷികൾ. കൂടുതൽ ആളുകളും മാട്ടിറച്ചിയും പന്നിയിറച്ചിയും ഇഷ്ടപ്പെടുന്നു. പക്ഷേ ഇവരുടെ ഇടയിലെ 'വൈഷ്ണോയി' വിഭാഗക്കാർ മാംസാഹരമോ, മുട്ടയോ ഭക്ഷിക്കാത്തവരാണ്. ജാതി വ്യസ്ഥകളാൽ നിയന്ത്രിക്കപ്പെടുന്ന ബാഗ്‌രികളിൽ ഭൂരിപക്ഷവും ഹൈന്ദവ വിശ്വാസികളാണ്. കുറെ മുസ്ലീങ്ങളുമുണ്ട്.

വളരെ നാളത്തെ പ്രവർത്തന ഫലമായി ചുരുക്കം ബാഗ്‌രികൾ കർത്താവിനെ കണ്ടെത്തുകയും ചില സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രിസ്ത്യാനിയാവുന്നത് ഭവനത്തിന് അപമാനവും നിന്ദയുമാണെന്ന വിശ്വാസം മൂലം വിശ്വാസത്തിലേക്കു വന്ന പലരും കൊല ചെയ്യപ്പെട്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ദൈവവചന ഭാഷയുടെ ആവശ്യകത മനസ്സിലാക്കാൻ സഹായിക്കുന്ന ഭാഷാ സർവ്വേ നടത്തുന്നതിന് രണ്ടു ചെറുപ്പക്കാരെ താമസിപ്പിച്ചതിന് തന്റെ ഭവനം തുറന്നു കൊടുത്ത സരോജ് എന്ന യുവ സഹോദരി തന്റെ ബന്ധുവിനാൽ കൊല്ലപ്പെട്ട ദാരുണ സംഭവം ഞെട്ടിപ്പിക്കുന്നതായിരുന്നു. ഗ്രാമവാസികളായ ബാഗ്‌രികൾ മിക്കവരും എഴുത്തും വായനയും അറിയാത്തവരാണ്. ശ്രീ ഗംഗാനഗറിൽ പ്രവർത്തിക്കുന്ന നമ്മുടെ സുവിശേഷകൻ ദർശൻസിംഗ് അറിയിച്ച പ്രകാരം ഏതാണ്ട് ആറ് ഗ്രാമങ്ങളിൽ ബാഗ്രി വിശ്വാസികളുടെ കൂട്ടങ്ങളുണ്ട്. ഇത്രയും വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞപ്പോഴാണ് ബാഗ്‌രി ബൈബിൾ പരിഭാഷയ്ക്കായി കേരളത്തിൽ നിന്നും ജിജി മാത്യു എന്ന സഹോദരൻ മറ്റൊരു സഭാവിഭാഗത്തിൽ നിന്നും ശ്രീ ഗംഗാനഗറിലെത്തിയ വിവരം അറിയുന്നത്. എങ്കിൽ നമ്മുടെ പ്രാർത്ഥന കൂടി ആകുമ്പോൾ ബാഗ്‌രി ബൈബിൾ യാഥാർത്ഥ്യമാകുവാൻ അധികകാലം കാത്തിരിക്കേണ്ടി വരില്ലെന്ന് പ്രതീക്ഷിക്കാം.



*ബാഗ്രി നാടോടി നർത്തകർ*

ഭാരതത്തിന്റെ ബൈബിൾ പരിഭാഷായത്നത്തിൽ നിങ്ങൾക്ക് എങ്ങനെ പങ്കാളിയാകാം.

വ്യക്തിപരമായി: നിങ്ങളുടെ പ്രാർത്ഥനയിൽ ദിനംതോറും ബൈബിൾ പരിഭാഷയ്ക്കുവേണ്ടിയും ജനവിഭാഗങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുക. സാമ്പത്തികം ഉൾപ്പെടെയുള്ള പിന്തുണ നൽകുക. കുടുംബ പ്രാർത്ഥനയിൽ: ബൈബിൾ ലഭ്യമല്ലാത്ത ജനവിഭാഗത്തെപ്പറ്റിയുള്ള വിവരങ്ങൾ (വിക്ലിഫ് തുടങ്ങിയ പരിഭാഷ സംഘടനകളുടെ വെബ് സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്) പറയുകയും കുട്ടികളോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുക.

സഭയിൽ: ഇക്കാര്യങ്ങളെപ്പറ്റി പറയുകയും പ്രാർത്ഥിക്കാൻ വിശ്വാസികളെ ഉത്സാഹിപ്പിക്കയും ചെയ്യുക. ബൈബിൾ പരിഭാഷയിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരന്മാരെ വിളിച്ചു വരുത്തി സഭയിൽ പ്രത്യേക ബോധവൽക്കരണ യോഗം നടത്തുക.

## ബീഹാർ ഫാമിലി കോൺഫറൻസ്

ബീഹാറിലുള്ള ബ്രദ്റൻ സഭകൾ സഹകരിച്ച് വിശ്വാസികൾക്കുവേണ്ടി ഒരു ഫാമിലി കോൺഫറൻസ് സെപ്റ്റംബർ 23 മുതൽ 26 വരെ നടത്തുന്നു. 500 ഓളം പേരെ പ്രതീക്ഷിക്കുന്ന ഈ പ്രോഗ്രാം ഭഗൽപ്പൂരിൽ വച്ചാണ് നടക്കുന്നത്. ഫിലിപ്പിയർ 2:5 മുഖ്യ ചിന്താവിഷയമായിരിക്കുന്ന കോൺഫറൻസിൽ സ്റ്റീഫൻ ചെറിയാൻ, കെ. ബിജു, ജെയ്മോൻ ജോൺ തുടങ്ങിയവർ വചനം ശുശ്രൂഷിക്കും. കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രോഗ്രാം ഉണ്ടായിരിക്കും. ഭഗൽപ്പൂർ ബ്രദ്റൻ സഭയാണ് പ്രാദേശികമായ ക്രമീകരണങ്ങൾ ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക് റൂഡൽ മണ്ഡൽ 09430652842, ബാബു റാം ടുഡു 09931418808.

## ഷാർജാ ബ്രദ്റൻ അസംബ്ലി കൺവൻഷൻ

ഒക്ടോബർ 8 വ്യാഴം മുതൽ 10 ശനി വരെ ഷാർജാ യൂണിയൻ ചർച്ചിലെ ഹാൾ നമ്പർ 11ൽ എല്ലാ ദിവസവും രാത്രി 8 മുതൽ 10 വരെ നടക്കുന്ന യോഗങ്ങളിൽ സഹോ. തോംസൺ ബി. തോമസ് (മുംബായ്) സംസാരിക്കും. സഹോദരിമാർക്കു വേണ്ടിയുള്ള പ്രത്യേക യോഗം 10 ശനി രാവിലെ 9 മുതൽ 4.30 വരെ നടക്കും.

## കർത്തൃശുശ്രൂഷക സമ്മേളനം പാലക്കാട്ട്

പ്രാദേശിക സഭയുടെ ഉണർവും സുവിശേഷവൽക്കരണത്തിലുള്ള ഐക്യവും ലക്ഷ്യമാക്കി മലബാറിൽ നടന്നു വരുന്ന കർത്തൃ ശുശ്രൂഷക സമ്മേളനത്തിന്റെ അടുത്ത ക്യാമ്പ് ഒക്ടോബർ 19 വൈകിട്ട് 6 മുതൽ 21 രാത്രി 8 വരെ പാലക്കാട് യുവക്ഷേത്ര ക്യാമ്പ് സൈറ്റിൽ നടക്കുന്നു.

സുവിശേഷകന്മാർ, മൂപ്പന്മാർ, സുവിശേഷ തല്പരരായ യുവജനങ്ങൾ എന്നിവരാണ് പങ്കെടുക്കുന്നത്.

15 വർഷങ്ങൾക്കു മുൻപാണ് മലബാറിൽ ഈ ശുശ്രൂഷ ആരംഭിച്ചത്. നിത്യതയിൽ വിശ്രമിക്കുന്ന കർത്തൃദാസൻ പി.എം. മാത്യു ആദ്യകാല പ്രവർത്തകരിലൊരാളായിരുന്നു. സഹോദരന്മാരായ വർഗ്ഗീസ് ഫിലിപ്പോസ്, റ്റി.എം. ജോർജ്ജ്, ജോർജ്ജ് മാത്യു, കെ.യു. തോമസ് എന്നിവർ കൺവീനേഴ്സായും ട്രഷററായി റ്റി.ഡി. ബേബിയും പ്രവർത്തിക്കുന്നു.

## ദിശ 2010

ഭാരത ബ്രദ്റൻ സഭകളുടെ ചരിത്രത്തിലെ ആദ്യ ബൈബിൾ എക്സിബിഷൻ 'ദിശ 2010' ഒരുക്കങ്ങൾ ആരംഭിച്ചു. പരിണാമവും സൃഷ്ടിയും, ലോകത്ത് ക്രിസ്ത്യാനികൾ നൽകിയ സംഭാവനകൾ, ബൈബിളിന്റെ ആധികാരികത, മനുഷ്യോൽപ്പത്തി, പാപം, രക്ഷ, ലോക സംഭവങ്ങൾ, ചരി ത്രസംഭവങ്ങൾ എന്നിവ കോർത്തിണക്കിക്കൊണ്ട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ ദൃശ്യവത്കരിക്കപ്പെടുന്നു. ജനുവരി 5 മുതൽ 13 വരെ നടക്കുന്ന ഈ ബഹൃത്തായ പദ്ധതിയുടെ വിശദാംശങ്ങൾ പ്രാർത്ഥനയ്ക്കായി അറിയിക്കുന്നതാണ്. Tel : 9388602191.

# പുതുതലമുറ ടീൻസ് - പ്രീ ടീൻസ് ക്യാമ്പ് സമാപിച്ചു

ആത്മീയ വളർച്ചക്കും വ്യക്തിത്വ വികസനത്തിനും ഗണ്യമായ പ്രോത്സാഹനം നൽകിക്കൊണ്ട് 6,7,8,9 ക്ലാസ്സുകൾക്കു വേണ്ടിയുള്ള ക്യാമ്പ് അനുഗ്രഹകരമായി പര്യവസാനിച്ചു. തിരുവല്ലാ കവിയൂർ റ്റി.എം.എം. നേഴ്സിംഗ് കോളജ് കാമ്പസിൽ സെപ്റ്റംബർ 3 മുതൽ 5 വരെ നടന്ന ക്യാമ്പിൽ സീനിയേഴ്സുൾപ്പടെ 150 ഓളം പേർ പങ്കെടുത്തു.

എഴുത്തുകാരനും സുവിശേഷകനുമായ കെ.വി. ജോൺ പത്തനാപുരം (BA ഒന്നാം റാങ്ക്), പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് രജിസ്ട്രാറും സുവിശേഷകനുമായ കെ.വി. ജോൺ തിരുവല്ല (എം.എ.ഒന്നാം റാങ്ക് 50 വയസ്സ് കഴിഞ്ഞ്) എന്നിവരുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചത് കുട്ടികൾക്ക് അവിസ്മരണീയമായ ഒരനുഭവമായിരുന്നു. പ്രാർത്ഥനാപൂർവ്വം എങ്ങനെ ശിക്ഷണത്തോടുകൂടി പഠിക്കണമെന്ന് അവർ കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. സിവിൽ സർവ്വീസ് പരീക്ഷയിൽ 157-ാം റാങ്ക് നേടിയ ബെൻമാത്യു വർക്കി സിവിൽ സർവ്വീസ് പരീക്ഷയുൾപ്പടെയുള്ളവയ്ക്ക് എപ്രകാരം മുൻകൂട്ടി തയ്യാറാകാം എന്ന് ക്ലാസ്സെടുത്തു. കഴിഞ്ഞ വർഷം എം.എസ്.സി. ഒന്നാം റാങ്കു നേടിയ ലിസ്ബി അനു മാത്യുസുമായുള്ള ഇന്റർവ്യൂ കുട്ടികൾക്ക് പ്രോത്സാഹജനകമായിരുന്നു. സഹോദരന്മാരായ ഏബ്രഹാം ജേക്കബ്, ഫിലിപ്പ് കെ. ആൻഡ്രൂസ്, ബെൻസിക് മിരാൻഡാ, അനു സരണപാണി, ഡോ.പോൾ മാത്യു, കെ.തോമസ് മാത്യു തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു. കൊടൈക്കനാൽ ഇന്റർനാഷണൽ സ്കൂൾ അദ്ധ്യാപിക ഷീലാ രാജൻ പഠനത്തിനു സഹായകരമായ ക്ലാസ്സെടുത്തത് ഏറ്റവും പ്രയോജനപ്പെട്ടു. പെൺകുട്ടികൾക്കുള്ള പ്രത്യേക ക്ലാസ്സ് ഡോ. ബീനാ സാം മാത്യൂസ്, ഗ്രേസ് മാത്യു എന്നിവർ കൈകാര്യം ചെയ്തു. സജീവമായ സംഗീത ശുശ്രൂഷ കുട്ടികൾ നന്നായി ആസ്വദിച്ചു. ഫിലിപ്പ് കെ. ആൻഡ്രൂസ്, അനുസരണപാണി, വിൽസൻ ചെറിയാൻ, എം.എസ്. രമേശ്, ജോൺലി ചാൾസ് തുടങ്ങിയവർ നേതൃത്വം നൽകി, ജോൺലി ചാൾസുമായി അഭിമുഖവും ഉണ്ടായിരുന്നു. പ്രശസ്ത ക്രിസ്ത്യൻ കൗൺസിലർ ഡോ. അലക്സ് മാത്യു, കേരള ഗവ. പൊതു വിദ്യാഭ്യാസ സെക്രട്ടറി ജെയിംസ് വർഗ്ഗീസ് എന്നിവർ കുട്ടികൾക്കും മാതാപിതാക്കൾക്കായുള്ള പ്രത്യേക സെഷനിലും ക്ലാസ്സുകളെടുത്തു. വ്യക്തിപരമായ കൗൺസിലിംഗിനും സ്പീച്ച് തെറാപ്പിസ്റ്റ് തുടങ്ങിയവരുടെ സേവനവും ക്യാമ്പിൽ ലഭ്യമായിരുന്നു. പോൾ ജോർജ് കോശി, ജോബ് ജയിംസ് തുടങ്ങിയവർ കമ്പ്യൂട്ടർ സംവിധാനങ്ങളിൽ സഹായിച്ചു. അനവധി തീരുമാനങ്ങളോടെയായിരുന്നു കുട്ടികൾ ക്യാമ്പിൽ നിന്നും പിരിഞ്ഞുപോയത്. ഫോളോ അപ്പ് പ്രവർത്തനത്തിനും കുട്ടികൾക്കു വേണ്ടിയുള്ള ഗൈഡൻസ് സെന്ററിനും ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഇത്തരം ക്യാമ്പുകൾക്ക് താൽപ്പര്യമുള്ളവർക്ക് Tel. 9745017815ൽ വിളിക്കാവുന്നതാണ്.



*ക്യാമ്പിൽ പങ്കെടുത്തവർ*



*ക്യാമ്പിൽ പങ്കെടുത്തവർ*

# കടുവാക്കുളത്തു നിന്നും ക്രിഷ് നഗറിലേക്ക്



1992ൽ കത്തോലിക്കാ പശ്ചാത്തലത്തിൽ നിന്നും കർത്താവിനെ കണ്ടു മുട്ടിയ ആന്റണി ജോസഫിനെ (ബിജു) വടക്കേ ഇൻഡ്യയെപ്പറ്റിയുള്ള വെല്ലുവിളി ബംഗാളിൽ കൊണ്ടു ചെന്നെത്തിച്ചു. 1994ൽ പൂർണ്ണസമയ വേലയ്ക്കായി സമർപ്പിക്കുകയും കോയമ്പത്തൂ രിൽ 1996 മുതൽ നാലു വർഷം വേദപഠനം പൂർത്തിയാക്കുകയും ചെയ്തു. 2000 മുതൽ കോട്ടയത്തിനടുത്ത് തന്റെ സ്വന്തസ്ഥലമായ കടുവാക്കുളത്തുള്ള സഭയോടു ചേർന്നു പ്രവർത്തിക്കുകയായിരുന്നു. 2008ൽ സഭ കമന്റു ചെയ്തു. വടക്കേ ഇൻഡ്യയിൽ വേലയ്ക്കായി പോകണമെന്ന ആഗ്രഹം മനസിലുണ്ടായിരുന്നു. അങ്ങനെയിരിക്കെ കോട്ടയത്ത് ഒരു സുവിശേഷകന്റെ ഭവനത്തിൽ ചെന്നപ്പോൾ അദ്ദേഹം ഭാരതത്തിന്റെ ഭൂപടം വച്ച് പ്രാർത്ഥിക്കുകയായിരുന്നു. പ്രത്യേകിച്ച് ബംഗാളിനു വേണ്ടി. ബംഗാളിനെപ്പറ്റി താല്പര്യം തോന്നിയ ആന്റണി ജോസഫ് പിറ്റേ ദിവസം വില്ല്യം കേറിയുടെ ജീവിതത്തെപ്പറ്റിയുള്ള സി.ഡി കണ്ടു. തുടർന്നുള്ള പ്രാർത്ഥനയിൽ തന്നെ ദൈവം ബംഗാളിലേക്കാണ് അയക്കുന്നതെന്ന പൂർണ്ണബോധ്യമുണ്ടായി. സുവി. ഏബ്രഹാം ജേക്കബിനോടൊപ്പം ബംഗാൾ അതിർത്തിയിലുള്ള ജംതാരയിലും ബംഗാളിന്റെ ചില ഭാഗങ്ങളും സർവ്വേ ചെയ്തു. തുടർന്ന് ജംതാരയിൽ B.B.T.ിൽ 7 മാസം താമസിച്ചു കാര്യങ്ങൾ പഠിക്കുകയും ബംഗാളിലെ നാദിയ ജില്ലയിൽ ക്രിഷ് നഗറിൽ കുടുംബമായി പോകാൻ തീരുമാനിക്കുകയും ചെയ്തു. ബംഗാളിലെ 18 ജില്ലകളിലായി 45 സുവിശേഷകന്മാർ ഉണ്ടെങ്കിലും 7 ജില്ലകളിൽ യാതൊരുപ്രവർത്തനവുമില്ല. നദിയ ജില്ലയിൽ ആന്റണി ജോസഫിനെ കൂടാതെ മറ്റൊരു സഹോദരൻ മാത്രമേയുള്ളു.

വിവിധ മതസ്ഥർ ഇടകലർന്നു ജീവിക്കുന്ന ക്രിഷ്നഗറിൽ 500 കുടുംബങ്ങൾ കൂടി വരുന്ന ഒരു കാത്തോലിക്കാ ദേവാലയമുണ്ട്. റയിൽവേ സ്റ്റേഷനിലും ബസ്സ്റ്റാന്റിലുമൊക്കെ ട്രാക്ടുകൾ കൊടുത്താരംഭിച്ച പ്രവർത്തനം പ്രോത്സാഹജനകമായിരുന്നു. പലരും വളരെ താൽപര്യത്തോടെ വായിക്കുന്നതു താൻ കണ്ടു. ഭാഷയുടെ പരിമിതി കൊണ്ട് പല കാര്യങ്ങളും ജനങ്ങളെ സംസാരിച്ചു മനസിലാക്കാൻ കഴിയുന്നില്ല എന്നതിനാൽ കഠിന പരിശ്രമത്തോടെ ബംഗാളി വശമാക്കാൻ ശ്രമിക്കുന്നുണ്ട്. ദക്ഷിണേന്ത്യൻ ഭക്ഷണം ഇഷ്ടമുള്ള ബംഗാളികളെ പരിചയപ്പെട്ട ശേഷം വീട്ടിൽ വിളിച്ച് അതിഥി സൽക്കാരം നൽകിയും സുവിശേഷം അറിയിക്കുന്നു. മറ്റൊരു പശ്ചാത്തലത്തിൽ നിന്നും വന്ന ഒരു യുവാവു മുമ്പോട്ടു വന്നെങ്കിലും ഭവനത്തിലെ എതിർപ്പിനാൽ വിഷമിക്കുന്നു. 7 മാസങ്ങളായി ട്രാക്ടുകളും പുസ്തകങ്ങളും എല്ലാ സ്ഥലങ്ങളിലും എത്തിക്കുന്ന ആന്റണിക്ക് ഏതു വിധേനയും ആത്മാക്കളെ നേടണമെന്ന ഒരാഗ്രഹമേയുള്ളു. തന്റെ വിശ്വാസ പോരാട്ടത്തിൽ തുണയായി ഭാര്യ മിനിയും 6 വയസ്സുള്ള മകൻ നോയലുമുണ്ട്. കടുവാക്കുളത്തിൽ നിന്നാരംഭിച്ച വിശ്വാസ യാത്രയുടെ ഫലം ലഭിക്കാൻ ദൈവജനത്തിന്റെ പ്രത്യേക പ്രാർത്ഥനയാണ് പിൻബലം

വിലാസം: Antony Joseph, C/O R.C Mondal, R.C. Para, Krishnagar, Nadia (Dist), West Bengal - 741101, Tel: 09800384829



## ചിൽഡ്രൻസ് ക്ലബ്ബ്

# മിഠായി തന്നില്ലെങ്കിൽ!!

*സ്കൂൾ ബസിൽ വീട്ടിലേക്കുള്ള മടക്കയാത്രയിൽ ആറു വയസുകാരി ചിന്നുവിന്റെ മനസ്സിൽ വീട്ടിൽ ചെല്ലുമ്പോൾ എന്നും കിട്ടാറുള്ള മിഠായിയെ കുറിച്ചുള്ള ചിന്തയായിരുന്നു. ബസിൽ നിന്നും ഇറങ്ങി വീടിന്റെ ഗേറ്റും തുറന്ന് ഓടി ഭക്ഷണ മേശയിൽ എന്നും മിഠായി വെക്കുന്ന സ്ഥാനത്ത് നോക്കിയപ്പോൾ അവിടെ മിഠായി ഇല്ല. പല പാത്രങ്ങൾ തുറന്നു നോക്കി. എവിടെയും മിഠായി കണ്ടില്ല. ചിന്നു നീട്ടി വിളിച്ചു "മമ്മീീീ.... എന്റെ മിഠായി എവിടെ" ശബ്ദം കേട്ട് അമ്മച്ചിയാണ് വന്നത്. "ആ... എന്റെ പുന്നാര മോളു വന്നോ" കൈ നീട്ടി അമ്മച്ചി ചിന്നുവിന്റെ അടുക്കലേക്കു വന്നു. "എവിടെ എന്റെ മിഠായി? എവിടെ മമ്മീ...." ചിന്നു അല്പം ദേഷ്യത്തോടെ ചോദിച്ചു. അമ്മച്ചി പറഞ്ഞു ''മമ്മി കടയിലേക്ക് പോയിരിക്കുകയാണ് ഇപ്പോ വരും" അതൊന്നും ചിന്നുവിനെ ആശ്വസിപ്പിച്ചില്ല. അവൾ വീണ്ടും അതേ ചോദ്യം ആവർത്തിച്ചു കൊണ്ടിരുന്നു. അമ്മച്ചി വീണ്ടും ആശ്വസിപ്പിക്കാനായി അടുത്തു ചെന്നപ്പോൾ ചിന്നു അമ്മച്ചിയെ നുള്ളുവാനും മാന്തുവാനും തുടങ്ങി അവസാനം വലിയ ഉച്ചത്തിൽ കരയുവാനും ആരംഭിച്ചു.*

*"ണീം....ണോം." പുറത്ത് ആരോ കോളിങ്ങ് ബെല്ലടിച്ചു. കരയുന്ന ചിന്നുവിനെ എടുത്തു കൊണ്ട് അമ്മച്ചി വാതിൽ തുറന്നു ഒരു സ്ത്രീയും കൈയിൽ മൂന്നു വയസ്സ് പ്രായമുള്ള ഒരു പെൺകുഞ്ഞും.... വളരെ മുഷിഞ്ഞ സാരിയാണ് ആ സ്ത്രീ ഉടുത്തിരിക്കുന്നത്. തന്നെക്കാൾ വലിയ ഷർട്ടാണ് പെൺകുഞ്ഞ് ധരിച്ചിരിക്കുന്നത് അത് പല സ്ഥലങ്ങളിലും കീറിയിട്ടുമുണ്ട്. ഏതോ ഒരു ഭാഷയിൽ അമ്മച്ചി യോട് എന്തോ ചോദിക്കുകയാണ് ആ സ്ത്രീ. ഭാഷ മനസ്സിലായില്ലെങ്കിലും ആഹാരമാണ് ചോദിക്കുന്നതെന്ന് അമ്മച്ചിക്ക് മനസ്സിലായി.*

*ചിന്നുവിനെ താഴെ നിർത്തിയിട്ട് അമ്മച്ചി അകത്തേക്കു പോയി. ചിന്നു ആ കുഞ്ഞിനെ സസൂക്ഷ്മം നിരീക്ഷിക്കുകയാണ്. "പാവം കുഞ്ഞ് ഈ കുഞ്ഞിന് ഡാഡിയില്ലേ? വീടുണ്ടോ? ഇങ്ങനെ പോയി ചിന്നുവിന്റെ ചിന്തകൾ. അമ്മച്ചി ഒരു പാത്രം നിറയെ ചോറും കൂട്ടാനുമായി വന്നു ആ സ്ത്രീക്ക് കൊടുത്തു. കുഞ്ഞിനെ താഴെ ഇരുത്തി സ്ത്രീയും താഴെയിരുന്ന് കഴിക്കുവാൻ തുടങ്ങി. പാവം കുഞ്ഞ് തനിയെയാണ് കഴിക്കുന്നത്. ആ കൊച്ചു കൈകളിൽ കൊള്ളാവുന്ന അത്രയും വാരിയെടുത്ത് കഴിക്കാൻ ശ്രമിക്കുന്നെങ്കിലും പകുതിയും താഴെ പോകുകയാണ്. പരമാവധി വേഗതയിൽ സ്ത്രീയും കഴിക്കുന്നുണ്ട്. അതിനിടയ്ക്ക് എന്തോ അവരുടെ ഭാഷയിൽ കുഞ്ഞിനോട് പറഞ്ഞു. അമ്മച്ചിയും ചിന്നുവും നോക്കി നിൽക്കെ ആ കുഞ്ഞ് താഴെ വീണ ചോറ് വാരിയെടുത്ത് കഴിക്കുവാൻ തുടങ്ങി. ഇത് കണ്ട് അമ്മച്ചി അത് വിലക്കിയെങ്കിലും കുഞ്ഞിനു അതൊന്നും മനസ്സിലായില്ല. അവസാനം പൂർണ തൃപ്തിയോടെ അവർ മടങ്ങാനൊരുങ്ങിയപ്പോൾ അമ്മച്ചി ചിന്നുവിന്റെ രണ്ട് പഴയ ഉടുപ്പ് ആ കുഞ്ഞിനു നൽകി. കൈകൾ കൂപ്പി അവരുടെ ഭാഷയിൽ എന്തൊക്കെയോ ആ സ്ത്രീ പറഞ്ഞു. ഇതിനിടയ്ക്ക് കുഞ്ഞ് സ്ത്രീയുടെ തോളിലേക്ക് ചാഞ്ഞ് ഉറക്കം തുടങ്ങിയിരുന്നു. പടിയിറങ്ങി കണ്ണിൽ നിന്ന് മറയും വരെ ചിന്നു ആ സ്ത്രീയേയും കുഞ്ഞിനേയും നോക്കിക്കൊണ്ടിരുന്നു.*

*വളരെ മൗനമായി ചിന്നു വന്നു കസേരയിൽ ഇരിക്കുന്നത് കണ്ട് അമ്മച്ചി ചോദിച്ചു. "ഉം.... എന്താ? എന്തുപറ്റി?" "അമ്മച്ചീ ആ കുഞ്ഞിനും സ്ത്രീക്കും ആരുമില്ലേ?" പെട്ടെന്ന് ചിന്നു ചോദിച്ചു "ഇല്ലായിരിക്കും" അമ്മച്ചി പറഞ്ഞു. ചിന്നു മിണ്ടാതിരിക്കുന്നതു കണ്ടപ്പോൾ അമ്മച്ചി തുടർന്നു. "മോളു കണ്ടോ ആ കുഞ്ഞ് തനിയെ ആഹാരം കഴിക്കുന്നത്. മോളുടെ പകുതി പ്രായമെ അതിനുള്ളു. ഇപ്പോഴും മോൾക്ക് അമ്മച്ചിയോ മമ്മിയോ വാരി തന്നാലേ കഴിക്കുകയുള്ളു. അതും എത്ര നിർബന്ധിച്ചാലാണ് കഴിക്കുന്നത്. സ്ഥിരം കിട്ടുന്ന മിഠായി ഒരു ദിവസം മുടങ്ങിയപ്പോൾ എന്തൊക്കെയാണ് ചിന്നു കാട്ടികൂട്ടിയത്. ആ കുഞ്ഞ് എത്ര ദിവസമായി കാണും ഭക്ഷണം കഴിച്ചിട്ട്. എന്നിട്ട് അതിന് ഒരു വാശിയുമില്ല വഴക്കുമില്ല. താഴെ വീണതു പോലും എടുത്തു കഴിച്ചു."*

*"ഉം..... എന്താ അമ്മച്ചിയും മോളും കൂടെ സംസാരിക്കുന്നത് എന്നു ചോദിച്ചുകൊണ്ട് മമ്മി അകത്തേക്കു വന്നു. "ങാ! ചിന്നുമോൾക്ക് മമ്മി മിഠായി കൊണ്ടുവന്നിട്ടുണ്ട്" ബാഗു തുറന്ന് ഒരു കാഡ്ബറിസ് ഡയറി മിൽക്ക് എടുത്ത് ചിന്നുമോൾക്ക് നീട്ടിക്കൊണ്ട് മമ്മി പറഞ്ഞു. ഒരു നിസംഗ ഭാവത്തിൽ മമ്മിയെ നോക്കികൊണ്ടിരിക്കുകയാണ് ചിന്നു. "ഹും...! എന്തു പറ്റി? മിഠായി കണ്ടാൽ ചാടി വീഴുന്ന ആളാണല്ലോ!" മമ്മി ചോദിച്ചു. എന്നിട്ട് വളരെ നിർബന്ധിച്ച് ചിന്നുവിന് നൽകി. അവൾ വളരെ സാവധാനം കവർ തുറന്ന് കുറച്ച് എടുത്തു കഴിച്ചു ബാക്കിയുള്ളത് മമ്മിക്കും അമ്മച്ചിക്കും കൊടുത്തു. ചിന്നുവിന്റെ ഈ പ്രവർത്തി കണ്ട് ആശ്ചര്യപ്പെട്ടിരിക്കുന്ന മമ്മിയോട് ചിന്നു പറഞ്ഞു. "ഇനി മുതൽ എനിക്ക് മിഠായി വേണ്ട" ചിന്നുവിന്റെ ഈ മാറ്റത്തിനു കാരണം നേരത്തേ നടന്ന സംഭവമാണെന്ന് മനസ്സിലാക്കിയ അമ്മച്ചി നടന്നതെല്ലാം മമ്മിയോടു പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ മമ്മി ചിന്നുവിനെ എടുത്ത് മടിയിൽ ഇരുത്തുമ്പോൾ അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ പൊടിയുന്നുണ്ടായിരുന്നു.*

### *കൂട്ടുകാരെ നിങ്ങൾ എങ്ങനെയാണ്?*

*ജീവിതത്തിലെ ചില ശാഠ്യങ്ങൾക്ക് നിങ്ങൾ അടിമപ്പെട്ടിരിക്കുകയാണോ? എങ്കിൽ നിങ്ങളുടെ ചുറ്റുമുള്ളവരെ നോക്കുക. ദൈവം ചില പാഠങ്ങൾ അവരിലൂടെ നമ്മെ കാണിച്ചു തരും.*

# അപ്രിയ സത്യങ്ങൾ

ദൈവവചനത്തേക്കാൾ തങ്ങളുടെ പാരമ്പര്യങ്ങളെയും വ്യാഖ്യാനങ്ങളെയും പ്രധാനമായി കരുതിയതായിരുന്നു പരീശന്മാരുടെ തെറ്റ്. അതായത് വചനം പ്രമാണിക്കാതെ തങ്ങൾ പഠിപ്പിക്കുന്നതു തന്നെ അനുസരിക്കാതെ, മറ്റുള്ളവരെ ഉപദേശിക്കുന്ന രീതി. ഇങ്ങനെയുള്ള സത്യത്തിന്റെ മുഖം മൂടിക്കു നേരെ നമ്മുടെ കർത്താവ് ശക്തമായി പ്രതികരിക്കുന്നത് മത്തായി 23ൽ നാം കാണുന്നു. പുറമേ നല്ലതെന്നു കാണിക്കയും യഥാർത്ഥ ഭക്തി ഇല്ലാതിരിക്കുയും ചെയ്യുന്നതാണല്ലോ കപട ഭക്തി. അവരുടെ മനോഭാവത്തെയാണ് കർത്താവു തുറന്നു കാട്ടിയത്. വിശുദ്ധി പാലിക്കുന്നതിനേക്കാൾ വിശുദ്ധരായി അറിയപ്പെടാനുള്ള വ്യഗ്രതയായിരുന്നു അവർക്ക്. പക്ഷേ എല്ലാ പരീശന്മാരും കപടഭക്തിക്കാർ ആയിരുന്നില്ല. യഥാർത്ഥ ആത്മീയത ആത്മാർത്ഥതയോടെ പാലിക്കാൻ ശ്രമിച്ച നിക്കോദെമോസ്, ഒരളവിൽ ക്രിസ്തീയ സഭയെ ഉൾക്കൊള്ളാൻ മനോഭാവമുണ്ടായ ഗമാലിയേൽ തുടങ്ങിയവർ ഇതിനുദാഹരണം.

വേർപെടുക എന്നർത്ഥമുള്ള വാക്കിൽ നിന്നാണ് പരീശൻ എന്ന പദത്തിന്റെ ഉത്ഭവം. ന്യായപ്രമാണം പാലിക്കാതെയിരുന്ന 'അശുദ്ധരായ' യഹൂദന്മാർ, ജാതികൾ എന്നിവരിൽ നിന്ന് വേർപാടു പാലിക്കുക എന്നതായിരുന്നു അവരുടെ നിലപാട്. പക്ഷേ, പ്രശസ്തി നേടുന്നതിനും സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും തങ്ങളുടെ മതവിശ്വാസം ദുരുപയോഗപ്പെടുത്തിയതിനാണ് അവർക്ക് ആക്ഷേപമുണ്ടായത്.

ഒന്നാമത് അവർക്കില്ലാതിരുന്ന അധികാരം അവർ എടുത്തു. മോശെയുടെ പീഠത്തിൽ സ്വയം പ്രതിഷ്ഠിച്ചു. (വാ.2) ഇങ്ങനെ അവർക്ക് അധികാരം ലഭിച്ചതായി ദൈവവചനത്തിൽ കാണുന്നില്ല. ഏക അധികാരമായ ദൈവവചനത്തിൽ നിന്നും അവർ എന്തു പഠിപ്പിച്ചാലും ജനങ്ങൾ സ്വീകരിക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. അതുകൊണ്ട് പരീശന്മാരെ പൊതുവെ നീതിമാന്മാരായി ജനങ്ങൾ കരുതിയിരുന്നു. പക്ഷേ, നീതിയെപ്പറ്റി അവർക്ക് വികലമായ ധാരണയാണുണ്ടായിരുന്നത്. പ്രസംഗം ഒരു വിധവും പ്രവൃത്തി മറ്റൊരു വിധവുമായാൽ അത് കാപട്യമാണ്. ഈ സത്യം ഇന്നും പ്രസക്തമാണ്. ചിലർ മാത്രം സൂപ്പർ ഭക്തിയുള്ളവരെന്നും മറ്റുള്ളവരെല്ലാം തൊട്ടുകൂടാൻ പാടില്ലാത്തവരും ആത്മികമായി ഒന്നുമല്ല എന്ന ധാരണയും തികച്ചും പരീശത്വ മനോഭാവമല്ലേ?.

രണ്ടാമത് ശുശ്രൂഷയെപ്പറ്റിയും ശരിയായ ധാരണ പരീശന്മാർക്കില്ലായിരുന്നു. സ്വയം ഏറ്റെടുക്കാൻ തയ്യാറല്ലാത്ത ഉത്തരവാദിത്വങ്ങൾ മറ്റുള്ളവരുടെ മേൽ കെട്ടിവച്ച് ജനങ്ങളുടെ ജീവിതഭാരം കൂട്ടുകയായിരുന്നു അവർ ചെയ്തത് (വാ.4) ആജ്ഞകൾ നൽകുകയും സ്വയമായി ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന അവസ്ഥ. ഇതാണ് ആത്മീക നേതൃത്വം എന്നവർ കരുതി. നമ്മുടെ കർത്താവിന്റെ നേതൃത്വം ദാസ്യനേതൃത്വമായിരുന്നു. ജനങ്ങളുടെ ഭാരം കുറയ്ക്കാനായി ജനങ്ങളോടൊപ്പം താൻ ആയിത്തീർന്നു. താൻ ചെയ്യാത്തതൊന്നും അവൻ ആവശ്യപ്പെട്ടില്ല. അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങി..... എന്ന് അപ്പൊ. പ്രവൃത്തികൾ 1:1 ൽ വായിക്കുന്നു. ആത്മീയ നേതൃത്വത്തെപ്പറ്റി മിഥ്യധാരണയുള്ളവരാണോ നാം?.

യഥാർത്ഥ മഹത്വത്തെപ്പറ്റിയും പരീശന്മാർക്ക് ശരിയായ ധാരണയില്ലായിരുന്നു. (വാ.6) എങ്ങനെയെങ്കിലും ജനങ്ങളുടെ അംഗീകാരവും പ്രശംസയും നേടുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ജനശ്രദ്ധ പിടിച്ചു പറ്റാനായിരുന്നു എപ്പോഴും ശ്രമം. ഇല്ലാത്ത് ഊതിപ്പെരുപ്പിച്ചും പേരുണ്ടാക്കുന്ന മനോഭാവം. ദൈവത്തിന്റെ അംഗീകാരം ഉണ്ടോ എന്ന കാര്യം അവർക്ക് വിഷയമല്ലായിരുന്നു. സ്ഥാനമാനങ്ങൾ അവർക്ക് അലങ്കാരമായിരുന്നു. അതാണ് മഹത്വത്തിന്റെ അടയാളമായി അവർ കരുതിയത്. അതുകൊണ്ട് പ്രധാന ഇരിപ്പിടങ്ങളിലും ശ്രദ്ധ പറ്റുന്ന സ്ഥലങ്ങളിലും അവരുടെ കണ്ണുകൾ പരതി നടന്നു. ഒരു സ്ഥാനം കിട്ടിയാൽ അവർ സംതൃപ്തിയടഞ്ഞു. ദൈവം അംഗീകരിക്കുന്നില്ലെങ്കിൽ ലഭിക്കുന്ന പേരിനോ, സ്ഥാനമാനങ്ങൾക്കോ വിലയുണ്ടോ? മറ്റുള്ളവരെ വിനയപൂർവ്വം സേവിക്കുന്നതിനുപകരം അവരുടെ സേവനം നമുക്കു ലഭിക്കണം എന്നാഗ്രഹം ഇന്നും ഇല്ലേ? നമ്മെതന്നെ ഉയർത്തിയാൽ ദൈവം നമ്മെ താഴ്ത്തും. ദൈവ കരങ്ങളിൽ താണിരുന്നാൽ ദൈവം നമ്മെ ഉയർത്തും. അതാണല്ലോ യഥാർത്ഥ മഹത്വം.

മുകളിൽ പറഞ്ഞ സത്യങ്ങൾ മറ്റുള്ളവരോട് പറയാൻ നമുക്കു പ്രയാസമുണ്ടാവില്ല. നമ്മോടിതാരെങ്കിലും പറഞ്ഞാൽ അപ്രിയ സത്യങ്ങളായിട്ടല്ലേ തോന്നുക? വിശ്വാസത്തിനുവേണ്ടിയും കാഴ്ചപ്പാടുകൾവേണ്ടിയും ആത്മീയ ഉണർവ്വിനുവേണ്ടിയും നിലകൊള്ളുന്ന നമുക്ക് പരീശന്മാർക്കു കിട്ടിയ ആക്ഷേപങ്ങൾ എന്തെങ്കിലുമുണ്ടോ എന്ന് സ്വയപരിശോധന നടത്തുവാൻ ദൈവകൃപ ആവശ്യമാണ്.

*- എഡിറ്റർ ഇൻ ചാർജ്ജ്*

### മനഃപാഠ വാക്യം

*2 കൊരിന്ത്യർ 9:8*

നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവർത്തിയിലും പെരുകി വരുമാറു നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു.

*2 കൊരിന്ത്യർ 9:8*

***- ടെൻസൻ ജോസഫ്,***
*എറണാകുളം.*

വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പ്രൊമോഷണൽ കോ–ഓർഡിനേറ്റർ – റെജി മാത്യു
സർക്കുലേഷൻ കോ–ഓർഡിനേറ്റർ – ജെൽസൺ പി.ജെ.
പബ്ലിഷർ – ടെൻസൻ ജോസഫ്.

ആരോഗ്യ രംഗം

# മനസ്സേ..... ശാന്തമാകൂ

ശാന്തമായ മനസ്സ് ആയുസ്സ് വർദ്ധിപ്പിക്കുമെന്ന് മനഃശാസ്ത്ര വിദഗ്ദർ പ്രസ്താവിക്കാറുണ്ട് കലങ്ങിമറിഞ്ഞ മനസ്സ് നിങ്ങളുടെ ഹൃദയത്തെയും മറ്റു ശരീരാവയവങ്ങളെയും കാർന്നു തിന്നുന്നു. അധികം കോപിക്കരുത്, വിരോധമോ വൈരാഗ്യമോ വച്ചു പുലർത്തരുത്, ഉത്കണ്ഠയും നിരാശയും വെടിയണം. ഇതൊക്കെ നിങ്ങളുടെ ഹൃദയത്തെ പ്രതികൂലമായി ബാധിക്കും. ആരോഗ്യ ഗവേഷണത്തിന്റെ ആരംഭകാലം മുതൽ മനസ്സും ശാരീരിക രോഗങ്ങളുമായുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി (സൈക്കോ സോമാറ്റിക്ക്) ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ജീവിതത്തിലെ നൂറു നൂറു പ്രശ്നങ്ങൾ ഓരോ വ്യക്തിയിലും ഓരോ വിധത്തിലാണ് സംഘർഷത്തിന്റെ വിത്തുകൾ പാകുന്നത്. ദൈനംദിന ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ മിക്കവരെയും തളർത്തുമ്പോൾ ചിലർ വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ടു പോകുന്നു. എന്നാൽ ഭൂരിപക്ഷം പേരും പ്രശ്നങ്ങൾക്കു മുന്നിൽ തറപറ്റി താഴെ വീഴും. വീട്ടിലും ജോലിസ്ഥലത്തും പൊതുവീഥികളിലും അപ്പപ്പോഴുണ്ടാകുന്ന വലുതും ചെറുതുമായ ഓരോ പ്രശ്നവും ഇവർക്ക് നിത്യമായ തലവേദനയാണ്.

പ്രശ്നങ്ങളും കഷ്ടപ്പാടുകളുമില്ലാത്ത ഒരു ലോകവുമില്ല, "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് (യോഹ.16:33) എന്ന കർത്താവിന്റെ മൊഴിയിൽ നിന്നു തന്നെ കഷ്ടത നിറഞ്ഞതാണ് ലോകം എന്നത് അടിവരയിടുകയാണ്. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മനോസംഘർഷങ്ങളെ ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങൾ അഭ്യസിക്കണം. നമ്മൾ വെപ്രാളപ്പെട്ടതുകൊണ്ട് ബസ് നേരത്തെ എത്തില്ല. വൈകുകയുമില്ല. പിന്നെ വേവലാതിപ്പെട്ടതുകൊണ്ട് പ്രയോജനമുണ്ടോ? വികാരങ്ങൾക്ക് വേലിയേറ്റമുണ്ടാകുമ്പോൾ മനസ്സ് പുണ്ണാക്കാതെ സംയമന മനോഭാവത്തോടെ അവയെ ബോധപൂർവ്വം നിയന്ത്രിക്കാൻ ശ്രമിക്കണം. അനിഷ്ടമായ ചിന്തകളെ അപ്രധാനമായി കാണുവാൻ ശ്രമിക്കണം.

### കൊഴുപ്പു കുറച്ചാൽ ദേഷ്യം കുറയും

ന്യുയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ കൊഴുപ്പ് കുറവുള്ള, അന്നജം, അധികമുള്ള ഭക്ഷണം കഴിക്കുന്നവരിൽ വിഷാദവും ദേഷ്യവും, അക്രമണ സ്വഭാവവും കുറയുന്നതായി കണ്ടു. അതുപോലെ ആഹാരത്തിലെ മാംസ്യത്തിന്റെ അംശം കുറയ്ക്കുന്നതും അക്രമണ സ്വഭാവം ലഘുകരിക്കുന്നതായി കണ്ടു.

### ദേഷ്യമുള്ളവർക്ക് ഹൃദ്രോഗ സാദ്ധ്യത

അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ദേഷ്യം കൂടിയാൽ ഹൃദ്രോഗ സാദ്ധ്യത കൂടുതലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കോപകുലനായതിനു ശേഷമുള്ള അടുത്ത രണ്ട് മണിക്കൂറുകളിൽ "ഹാർട്ട് അറ്റാക്ക്" ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതായും തെളിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ളവർക്ക് 'ആസ്പിരിൻ' നൽകി ഹൃദയ സ്തംഭന സാദ്ധ്യത ഒഴിവാക്കാൻ ഡോക്ടർമാർ ശ്രമിക്കാറുണ്ട്.

### കോപത്തിലേക്ക് നയിക്കുന്ന കാര്യങ്ങൾ

ഇതിലേറ്റവും പ്രധാനി കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള തർക്കങ്ങളും, വഴക്കുകയും തന്നെ. പിന്നെ ജോലി സ്ഥലത്തെ പ്രശ്നങ്ങൾ. നിയമപരമായ പൊല്ലാപ്പുകൾ. പ്രശ്ന സങ്കീർണ്ണമായ ഭാര്യ ഭർത്തൃ ബന്ധം, കുട്ടികളുടെ പഠനത്തെ കുറിച്ചുള്ള ആകുലത മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ എല്ലാം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കോപാഗ്നി സൃഷ്ടിക്കുന്നു.

### കോപിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

ഓരോ പ്രാവശ്യം ദേഷ്യപ്പെടുമ്പോഴും ശരീരത്തിൽ പല പ്രവർത്തന വൈകല്യങ്ങളും സംഭവിക്കുന്നു. ഹൃദയം വേഗത്തിൽ സ്പന്ദിക്കുമ്പോൾ രക്ത സമ്മർദ്ദം അതികരിച്ച് ഹൃദയത്തിലെ കോറണറി ധമനികൾ ചുരുങ്ങുകയും രക്തം കൂടുതൽ കട്ടിപിടിക്കുകയും ചെയ്യുന്നു. ഹൃദ്രോഗം ഉള്ളവർക്ക് ഈ വ്യതിയാനങ്ങൾ സംഭവിക്കുകയാണെങ്കിൽ ഹാർട്ട് അറ്റാക്കാവാം അനന്തര ഫലം.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ –

കോപത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ മാറ്റിയെടുക്കുക അല്ലെങ്കിൽ അതിൽ നിന്ന് ഒഴിഞ്ഞുമാറുക അതുമല്ലങ്കിൽ ആ സാഹചര്യത്തെ അഭിമുഖീകരിച്ചുകൊണ്ട് അതിനെ വിജയകരമായി അതിജീവിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക

പൊതു സംഭാഷണങ്ങളിൽ വിരുദ്ധ അഭിപ്രായങ്ങളിൽ കടിച്ചു തൂങ്ങാതിരിക്കുക.

അനിഷ്ടമായ കാര്യങ്ങളെ മറക്കുവാൻ ശ്രമിക്കുക.

ആത്മീയ ഗാനങ്ങൾ പാടുക. വേദപുസ്തകവും മറ്റ് നല്ല പുസ്തകവും വായിക്കുക. ദൈവീക ചിന്തകൾ ഹൃദയത്തിൽ ഉട്ടി ഉറപ്പിക്കുക.

ലളിതമായ ശാരീരിക അഭ്യാസങ്ങൾ പരിശീലിക്കുക.

**– ഡോ. ജോൺ കെ.,**
എറണാകുളം

# റാഗിങ്: ഉടൻ നടപടിക്ക് ഹെൽപ്ലൈൻ

ന്യൂഡൽഹി: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് തടയാൽ ഇനി പൊലീസിന്റെയും വിദ്യാലയ അധികൃതരുടെയും സത്വര സഹായം. ഇതിലേക്ക് യുജിസിയുടെ ആഭിമുഖ്യത്തിൽ ബിഎസ്എൻഎല്ലും എജ്യുക്കേഷൻ കൺസൽറ്റൻസി ഇന്ത്യ ലിമിറ്റഡും ചേർന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഹെൽപ് ലൈൻ മാനവ ശേഷി മന്ത്രി കപിൽ സിബൽ ഉദ്ഘാടനം ചെയ്തു.

ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിലെ ടോൾ ഫ്രീ നമ്പറിൽ വിളിച്ച് വിദ്യാർത്ഥിക്കു പരാതിപ്പെടാം. ഈ-മെയിലിലും പരാതി അയക്കാം. പരാതി ലഭിച്ചാലുടൻ രജിസ്റ്റർ ചെയ്ത് പ്രത്യേക നമ്പർ നൽകും. ഉടൻതന്നെ വിദ്യാലയ അധികൃതർ, ഹോസ്റ്റൽ വാർഡൻ, പൊലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ജില്ലാ അധികൃതർ എന്നിവർ ക്ക് കോൾ സെന്ററിൽ നിന്ന് വിവരം നൽകും. പരാതി ലഭിച്ചാൽ 15 മിനിറ്റിനകം സഹായ നടപടി ആരംഭിച്ചിരിക്കുമെന്ന് മന്ത്രി കപിൽ സിബൽ പറഞ്ഞു. ടോൾ ഫ്രീ നമ്പർ – 1800-180-5522.
e-mail : helpline@antiragging.net

## നവദമ്പതികൾ



അടൂർ പരുത്തപ്പാറ പി.ജി. ജയിംസിന്റെ മകൻ ജോർജ്ജി പി. ജയിംസും തിരുവല്ലാ ചുമത്ര തേവരേത്ത് മേഴ്സി ഭവനിൽ തോമസ് വർഗീസിന്റെ മകൾ സൗമ്യയും.



കോടഞ്ചേരി പെരുംചിറയിൽ വർഗ്ഗീസിന്റെ മകൻ സിജോയും മേക്കൊഴൂർ കളിയിക്കൽ എബ്രഹാമിന്റെ മകൾ മിനുമോളും



റാന്നി പഴൂർ വീട്ടിൽ തോമസിന്റെ മകൻ അജുവും കോടഞ്ചേരി പെരുംചിറയിൽ വർഗ്ഗീസിന്റെ മകൾ സിനിയും



കല്ലിശ്ശേരി മേലേക്കുന്നിൽ ജെയിംസിന്റെ മകൻ സ്റ്റാൻലിയും കല്ലിശ്ശേരി കൊല്ലൻപറമ്പിൽ അച്ചൻകുഞ്ഞിന്റെ മകൾ പേർളി തോമസും

## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 951 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'3" ഉയരം. M.Com. ബാംഗ്ലൂരിൽ ജോലി.

**RM No : 952 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. M.Sc, Computer Science. ബാങ്കിൽ ജോലി.

**RM No : 953 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'4" ഉയരം. B.Sc, MLT.

**RM No : 954 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട വടക്കേ ഇന്ത്യൻ ബ്രദ്റൻ യുവതി 23 വയസ്സ് 5'7" ഉയരം. B.Com, Computer.

**RM No : 955 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5' ഉയരം. General Nurse.

**RM No : 956 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2" ഉയരം. General Nurse. ഗൾഫിൽ ജോലി.

**RM No : 957 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. M.A, B.Ed.

**RM No : 958 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'7"ഉയരം. സോണോഗ്രഫി, മുംബൈയിലെ ഒരു ആശുപത്രിയിൽ ജോലി.

**RM No : 959 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 20 വയസ്സ് 5'2" ഉയരം. B.Th. സുവിശേഷകൻമാർക്ക് മുൻഗണന.

**RM No : 960 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 4'10" ഉയരം. SSLC.

**RM No : 961 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. B.Com. പ്രൈവറ്റ് കമ്പനിയിൽ ജോലി.

**RM No : 962 -** മറ്റൊരു പശ്ചാത്തലത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'1" ഉയരം. സൗദിയിൽ സ്റ്റാഫ് നേഴ്സ്.

### WANTED BRIDE

**RM No : 963 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'5" ഉയരം. M.Com. പ്രൈവറ്റ് കമ്പനിയിൽ ജോലി.

**RM No : 964 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'5" ഉയരം. സ്വന്തമായി ബിസിനസ്സ്.

**RM No : 965 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'10" ഉയരം. B.Com, Computer. ഗൾഫിൽ ജോലി. ഒക്ടോബറിൽ നാട്ടിൽവരും

**RM No : 966 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 27 വയസ്സ് 5'8" ഉയരം. BE, Computer Engg. ജോലിയുണ്ട്.

**RM No : 967 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'5" ഉയരം. BBM.

**RM No : 968 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 30 വയസ്സ് 5'6" ഉയരം. Project Co-ordinator. കേരളത്തിൽ ജോലി.

**RM No : 969 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'7" ഉയരം. MCA, Software Engg. ബാംഗ്ലൂരിൽ ജോലി.

**RM No : 970 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 26 വയസ്സ് 5'8" ഉയരം. PGT അദ്ധ്യാപകൻ.

**RM No : 971 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'7" ഉയരം. ITI. ഗൾഫിൽ ജോലി, ഉടൻ നാട്ടിൽ വരും.

**RM No : 972 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 26 വയസ്സ് 5'7" ഉയരം. ITC, Electrical.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

കുടുംബ വേദി

# എനിക്കു വേണ്ടി വളർത്തുക



ഈ വാക്കുകൾ ഫറവോന്റെ മകൾ മോശെയുടെ അമ്മയായ യോഖേബെദിനോട് പറയുന്നതാണ് (പുറപ്പാട് 2:9) യോഖേബെദാകട്ടെ ഈ വാക്കുകൾ സർവ്വശക്തനായ ദൈവത്തിന്റെ വാക്കുകൾ പോലെ കേട്ട് ആ ദൈവദാനത്തെ ദൈവത്തിനായി വളർത്താൻ തീരുമാനിച്ചു. സങ്കീർത്തനങ്ങൾ – 127:3–5 വരെ നാം വായിച്ചാൽ കാണാം മക്കൾ ദൈവത്തിന്റെ വിലയേറിയ ദാനങ്ങളാണ് എന്ന്. അവർ നമ്മുടെ അല്ല ദൈവത്തിന്റെയാണ്. അല്പകാലത്തേക്ക് കർത്താവിനായി വളർത്താൻ നമ്മെ അവൻ ഏല്പിച്ചതു മാത്രം. വിവാഹ പ്രായമാകുമ്പോൾ ആത്മീയരായ തുണകളെ കണ്ടെത്തി വിവാഹം കഴിപ്പിച്ച് അവരെ ഏല്പിക്കണം. അതു വരെ അവരുടെ ശാരീരികവും, മാനസികവും ആത്മീകവുമായ എല്ലാ ആവശ്യങ്ങളും നാം മനസ്സിലാക്കി അത് നിറവേറ്റിക്കൊടുക്കണം. ഇത് വിശ്വസ്തമായി ചെയ്തില്ല എങ്കിൽ ഒരിക്കൽ നാം ദൈവമുമ്പാകെ കണക്ക് ഏല്പിക്കേണ്ടതാണ്. ഇതിന് പ്രതിഫലവും ഉണ്ട്.

ഉദരത്തിൽ ഉരുവാകുമ്പോൾ പ്രാർത്ഥന ആരംഭിക്കുക. അവരുടെ ആത്മീയ കാര്യങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുക്കുക. അവരുടെ രക്ഷക്കായി പ്രാർത്ഥിക്കുക. ലൂക്കോസ്–1:41ൽ നിന്നും മനസ്സിലാക്കുന്നത് ഗർഭസ്ഥ ശിശു നാം പറയുന്നതിന് പ്രതികരിക്കും എന്നാണ്. ഈ സമയങ്ങളിൽ ആത്മീയ കാര്യങ്ങളിൽ കൂടുതൽ ചിലവഴിക്കുക. അവർ ജനിച്ച് നാം പറഞ്ഞാൽ മനസ്സിലാകുന്ന പ്രായത്തിൽ സുവിശേഷം പറഞ്ഞു കൊടുക്കുക. നാം കുഞ്ഞിനെ കാണുമ്പോൾ അവന്റെ ആത്മാവിനെ പറ്റിയുള്ള ഭാരം ഉണ്ടാകണം. അവരുടെ പിഞ്ചു ഹൃദയം വചനം കേൾക്കാൻ ഒരുക്കപ്പെട്ടതാണ്. ലോകം അവരിലേക്ക് വരും മുമ്പേ കർത്താവ് അവരിലേക്ക് വരട്ടെ. അവർക്ക് വചനത്തിനായുള്ള വിശപ്പും ദാഹവും ഉണ്ടാക്കി കൊടുക്കുക. സങ്കീർത്തനങ്ങൾ – 119:9,11 ഈ കാര്യം ചെയ്താൽ മാതാപിതാക്കൾക്ക് ദുഃഖിക്കേണ്ടി വരില്ല.

നാം അവർക്ക് എല്ലാ രീതിയിലും മാതൃകയുള്ളവരായിരിക്കുക. നാം ഉച്ചരിക്കുന്ന ഓരോ വാക്കുകൾ, നമ്മുടെ മനോഭാവങ്ങൾ, പ്രവൃത്തികൾ ഇവയെല്ലാം അവർ നിമിഷം തോറും ശ്രദ്ധിക്കുന്നുണ്ട്. നമ്മെ അവർ സത്യത്തിന്റെ സാക്ഷികളായി കാണണം. അവരെ ശിക്ഷണത്തിൽ വളർത്തുക. സദൃശ്യവാക്യങ്ങൾ – 13: 24 കതിമൊ – 3:4, എബ്രാ–12:9–11 മക്കളെ അവർ നടക്കേണ്ട വഴിയെ നടത്തണം. സദൃശ്യവാക്യങ്ങൾ – 22:6 നമുക്ക് ഇഷ്ടമുള്ള വഴിയല്ല, അവർക്കിഷ്ടമുള്ള വഴിയുമല്ല, ദൈവത്തിന് ഇഷ്ടമുള്ള വഴിയേ നടത്തുക. അവരെ നാം ഉപദേശിക്കണം. തിരുത്തണം, ശരിയായ പാത കാട്ടണം, ഇതെല്ലാം സ്നേഹത്തിൽ ചെയ്യണം. വിശ്വാസത്തിന്റെ ജീവിതം അവരിൽ വളർത്തി എടുക്കണം – 2 തിമൊ – 1:5

എല്ലാ മക്കളേയും തുല്യമായി സ്നേഹിക്കണം. ആണെന്നോ, പെണ്ണെന്നോ, മൂത്തതെന്നോ, ഇളയതെന്നോ വ്യത്യാസമില്ലാതെ. മക്കളോട് നുണ പറയരുത്. മക്കളുമൊത്ത് സമയം ചിലവഴിക്കണം. അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയണം. മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ അവരെ ശകാരിക്കയോ കുറ്റം പറയുകയോ, ശിക്ഷിക്കയോ, അവരുടെ കുസൃതികൾ ഉയർത്തി പറയുകയോ ബലഹീനതകൾ എടുത്തു പറയുകയോ, കളിയാക്കുകയോ ചെയ്യരുത്. അവരുടെ നല്ല വശങ്ങളെപ്പറ്റി അവരോട് നേരിട്ട് പറഞ്ഞ് അവരെ അഭിനന്ദിക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. ""Correction may mould them but encouragement will motivate them"

"വിമർശനങ്ങൾക്കു മദ്ധ്യേ വളരുന്ന കുട്ടി മറ്റുള്ളവരെ കഠിനമായി വിമർശി ക്കുന്നവനാകും; ശത്രുതയുള്ള കുടുംബത്തിൽ ജീവിക്കുന്നവൻ മറ്റുള്ളവരുമായി ശണ്ഠ കൂടുന്നവനാകും. പരി ഹാസത്തിനിരയാകുന്ന കുട്ടി ലജ്ജാഭരിതനായി സമൂഹത്തിൽ പ്രത്യക്ഷനാകും. സൗഹാർദ്ദതയിൽ വളരുന്നവൻ ക്ഷമാശീലനാകും. പ്രോൽസാഹനം ലഭിക്കുന്നവൻ സ്വന്തം കഴിവിൽ വിശ്വാസമുള്ളവനാകും പ്രശംസ ലഭിക്കുന്നവൻ മറ്റുള്ളവരെ പ്രശംസിക്കും. നീതിയിൽ വളരുന്നവൻ നീതിപാലിക്കും. സ്നേഹത്തിൽ ജീവിക്കുന്ന കുട്ടിക്ക് സ്നേഹിക്കാനും ധാരാളം സ്നേഹിതന്മാരെ സമ്പാദിക്കുവാനും പ്രയാസമുണ്ടാവില്ല." അതിനാൽ ഒരു കുട്ടിയുടെ ഭാവി അവനെ വളർത്തുന്ന മാതാപിതാക്കന്മാരെയും കുടുംബാംഗങ്ങളെയും ആശ്രയിച്ചാണ് ഇരിക്കുന്നത്. നമ്മുടെ അടുക്കൽ ഉള്ള ഏകദേശം പതിനേഴുവയസ്സു വരെ അവരെ നന്നായി ഈ രീതിയിൽ അഭ്യസിപ്പിച്ചാൽ അവരുടെ പ്രധാനപ്പെട്ട തീരുമാനമെടുക്കുന്ന സമയത്ത് അവർ ദൈവഹിതപ്രകാരം തീരുമാനം എടുത്തുകൊള്ളും. എബ്രായർ 11:24.

നമ്മുടെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം നമുക്കുണ്ടാകരുത് 3 യോഹന്നാൻ – 4. ഇതിന് കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

*– ഗ്രേസ് മാത്യു, തിരുവല്ല*

### സൊമാലിയയിൽ ക്രൈസ്തവ പീഡനം

7 ക്രിസ്ത്യാനികളെ അൽഷ ബാബ് എന്ന തീവ്രവാദി ഗ്രൂപ്പ് തല വെട്ടി കൊന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ചുരുക്കം വിശ്വാസികൾ മാത്രമേ ഈ രാജ്യത്തുള്ളു. അവർ രഹസ്യ സങ്കേതങ്ങളിലാണ് കഴിയുന്നത്. മറ്റുള്ളവർ അയൽ രാജ്യങ്ങളിൽ അഭയം തേടി.

### കമൻ്റേഷൻ

രാജാക്കാട് സഭയിൽ നിന്നും സഹോദരൻ തോമസ് മാത്യു (വിൽസൺ)വിനെ പൂർണ്ണസമയം സുവിശേഷ പ്രവർത്തകനായി കമൻ്റ് ചെയ്തിരിക്കുന്നു. എം.റ്റി.എച്ച് പഠിച്ച ശേഷം സഭയോടു ചേർന്നും മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും വരുന്നു. വിലാസം Thomas Mathew, Puthenveetil, N.R. City P.O., 685 566 Iduki (Dist). സഭയ്ക്കു വേണ്ടി:– വി.എം. പോൾ, വി. എം. തോമസ്, റ്റി. പ്രകാശ്

### ഭൂട്ടാനിലെ പ്രവർത്തനങ്ങൾ

ജനാധിപത്യ പ്രക്രിയക്കു തുടക്കം കുറിച്ചതോടെ വീടുകളിൽ കൂടിവരുന്നതിന് സാധിക്കുന്നു. എങ്കിലും ജനങ്ങളുടെ ഭയം മാറിയിട്ടില്ല. സഭാ ഹാളുകൾ നിർമ്മിക്കുന്നതും സുവിശേഷ പ്രചരണവും മതപരിവർത്തനവും കർശനമായി നിരോധിച്ചിരിക്കുന്നു. ദൈവജനത്തിൻ്റെ പ്രാർത്ഥന വളരെ ആവശ്യമാണ്. ഇൻഡോ ഭൂട്ടാൻ അതിർത്തിയിലെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. സഹോദരൻ ജയ്ദേവ് തന്തി പൂർണ്ണസമയ വേലക്കായി തീരുമാനമെടുത്തു. ഇപ്പോൾ കേരളത്തിൽ വചനം പഠിക്കുന്നു. ചാമുർച്ചിയിൽ സഭാ ഹോളിനു സ്ഥലം വാങ്ങുവാൻ ദൈവ ജനത്തിൻ്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.
- സന്തോഷ് ജുബാക്കാ

### പുസ്തകങ്ങൾ

സുവിശേഷ പ്രചരണത്തിനായി സഹോ. പി.കെ ജയൻ എഴുതിയ ലഘു പുസ്തകങ്ങൾ.

പാഴാക്കല്ലേ ഈ ജീവിതം, ഒരു അവസ്മരണീയ രാത്രി, Regular check-up, ബാപ്റ്റൈസോ, അർത്ഥപൂർണ്ണം, കോപ്പികൾ ആവശ്യമുള്ളവർക്ക് വിലാസം: – P.K Jayan, Pulikodan house, Ikyanagar, Nadathara, Thrissur - 680 751 Tel: 0487 - 2374288

### ഫാമിലി ലൈഫ് കോൺഫറൻസ്

ചുമത്ര ബ്രദ്റൻ സഭാ ഹാളിൽ ആഗസ്റ്റ് 15,16 തീയതികളിൽ നടന്ന ഫാമിലി ലൈഫ് കോൺഫറൻസിൽ സ്റ്റാൻലി ജോൺസ്, ജോജോ സി. കുര്യൻ, കെ. തോമസ് മാത്യു എന്നിവർ ക്ലാസ്സെടുത്തു.

### കോളജ് സ്റ്റുഡൻസ് ക്യാമ്പ്

2009 ഡിസംബർ 21 മുതൽ 23 വരെ ആലുവ ആത്മദർശൻ ക്യാമ്പ് സൈറ്റിൽ. കോളജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥിനീവിദ്യാർ ത്ഥികൾക്കു പങ്കെടുക്കാം. Tel: 9447341237.

### ഞാൻ ഖേദിക്കുന്നു – കേന്ദ്ര ആഭ്യന്തര മന്ത്രി

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഒറീസ്സയിലെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. പി. ചിദംബരം കാന്തേമാൽ ജില്ലയിലെ ക്രൈസ്തവരോട് തൻ്റെ ഖേദം പ്രകടിപ്പിച്ചു. അഭയാർത്ഥി ക്യാമ്പുകളിലുള്ളവരോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു. "കഴിഞ്ഞ വർഷം ചില കാര്യങ്ങൾ സംഭവിച്ചു നിങ്ങൾ ഈ ക്യാമ്പുകളിൽ വരാനിടയായി. അതിൽ എനിക്ക് ഖേദമുണ്ട്. എന്നാൽ നിങ്ങളുടെ ഗ്രാമത്തിലേക്ക് നിങ്ങൾ

## നമുക്കു ചുറ്റും

മടങ്ങിപ്പോകണം ഞാനിവിടെ വന്നത് നിങ്ങൾ ഭയപ്പെടേണ്ട എന്നു പറയാനാണ്." നടന്ന സംഭവത്തെ അപലപിച്ച അദ്ദേഹം ജീവിതം പുതുതായി തുടങ്ങാനും, സഭാ ഹാളുകളും പള്ളികളും നിർമ്മിച്ച് അവരുടെ മതം പ്രയോഗത്തിൽ വരുത്താനും ആവശ്യപ്പെട്ടു. "നടന്നതെല്ലാം തെറ്റാണ്. നിങ്ങൾ പള്ളികൾ നിർമ്മിച്ച് നിങ്ങളുടെ ധർമ്മ പാലിക്കുക." ആദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർത്ഥിക്കാം.

കടപ്പാട് – Fore runner

### നേപ്പാളിനുവേണ്ടി പ്രാർത്ഥിക്കുക

ചില FM റേഡിയോ സ്റ്റേഷനുകൾ ക്രിസ്തീയ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. നേപ്പാളിലെ രാഷ്ട്രീയ സ്ഥിരതക്കുവേണ്ടി പ്രാർത്ഥിക്കുക. അയ്യാബാരി, ധരൺ അംജമ്നി, സൽബാരി സഭകളെയും 73 കുട്ടികൾ പഠിക്കുന്ന ആശ കേന്ദ്ര സ്കൂളിനായും സുവിശേഷകൻ ആർ. രഘുവിനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുക.

### അറിയിപ്പ്

വിവിധ സ്ഥലങ്ങളിൽ നിന്ന് ജോലി സംബന്ധമായി പഠനങ്ങൾക്കായി തൊടുപുഴയിലും ചുറ്റുപാടുകളിലും വരുന്നവർക്ക് ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിന് തൊഴുപുഴ പ്രൈവറ്റ് സ്റ്റാൻ്റിൽ നിന്ന് 200 മീറ്റർ പാലാ റോഡിൽ വട്ടക്കുളം ബിൽഡിംഗിൽ ക്രിസ്ത്യൻ ബ്രദറൻ അസംബ്ലി എന്ന പേരിൽ സഭ കൂടിവരുന്നു. റോഡ് സൈഡിൽ ബോർഡ് ഉണ്ട്. കുടുതൽ വിവരങ്ങൾക്ക് :–
K.O ജോസ് EVG. - Mob: 9495353702
Ph: 04862 285560

## പിൽഗ്രിംസ് റിട്രീറ്റ് ഹോം

തിരക്കേറിയ ജീവിതത്തിൽ നിന്നും ഒന്ന് വേറിട്ടിരിക്കുവാൻ പിരിമുറുക്കത്തിൽ നിന്നും അയവു വരുത്തുവാൻ കുടുംബാംഗങ്ങളുമായി അർത്ഥവത്തായി സമയം ചിലവഴിക്കുവാൻ ആത്മീകമായി പുതുക്കം പ്രാപിക്കുവാൻ ജീവിതത്തെ വിലയിരുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇതാ നിങ്ങൾക്കായി ഒരു ഭവനം ഞങ്ങൾ ഒരുക്കിയിരിക്കുന്നു. പിൽഗ്രിംസ് ഹോം. പ്രകൃതി രമണീയമായ മൊട്ടക്കുന്നുകൾ, തേയീല തോട്ടങ്ങൾ എന്നിവ ദർശിച്ച് പുഴയുടെ സംഗീതം ശ്രവിച്ചുകൊണ്ട് തികച്ചും വേറിട്ടൊരനുഭവത്തിനായി പിൽഗ്രിംസ് റിട്രീറ്റ് ഹോമിലേക്ക് വരൂ. എറണാകുളത്തു നിന്നും 90 കി.മീറ്ററും, കോട്ടയത്തു നിന്ന് 75 കി.മീറ്ററും ദൂരെ വാഗമണ്ണിൽ ഉളുപ്പൂണി എന്ന സ്ഥലത്താണ് ഈ ഭവനം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസികളായ ചില സഹോദരന്മാരുടെ ക്രിസ്തീയ കാഴ്ച്ചപ്പാടോടുകൂടി തുടങ്ങിയ ഈ സംരംഭത്തിൻ്റെ ആദ്യഘട്ടമാണ് ഈ ഭവനം. ഈ



മനോഹരമായ മൂന്ന് കിടപ്പുമുറികൾ, 50 പേർക്ക് ഇരിക്കാവുന്ന ഹാൾ, അടുക്കള, വിശാലമായ മുറ്റം എന്നിവ ക്രമീകരിച്ചിരിക്കുന്നു. നാടൻ രീതിയിലുള്ള ഭക്ഷണവും ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക.

സ്റ്റാൻലി ജോൺസ് – 09946449080,

ഡെന്നി ജോൺ – 09388602191

### പ്രാർത്ഥനായോഗം

കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുന്നതിന് ചൈൽഡ് ഇവാൻജലിസം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 30 ബുധൻ രാവിലെ 10.30 മുതൽ 2 വരെ തിരുവനന്തപുരം എയർപോർട്ടിനടുത്ത് സഹോ. ബെൻസിക് മിരാൻഡയുടെ ഭവനത്തിൽ. Tel. 9895710910

### പ്രത്യേക അറിയിപ്പ്

*റിന്യൂവൽ ആഗസ്റ്റ് സെപ്റ്റംബർ ലക്കം ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. രജിസ്ട്രേഷൻ നടപടികൾ എത്രയും വേഗം പൂർത്തിയാകാൻ പ്രാർത്ഥിക്കുമല്ലോ.*

**WANTED URGENTLY**

**Doctors, Nurses, ParaMedical staff** needed for a Mission Hospital in North India. Excellent opportunity for Missions. One year commitment is also appreciated.
Tel : 9447360417

## പ്രയർ കലണ്ടർ

ഒക്ടോബർ 2009

**പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേയാണ് ഈ കലർ. റിന്യൂവലിൻ്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉ്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.**

| | |
|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | നമ്മുടെ സ്ഥലം സഭകളുടെ ഉണർവിനായി തുടർച്ചയായി പ്രാർത്ഥിക്കുക. സഭാംഗങ്ങളുടെ ലിസ്റ്റുണ്ടാക്കി ഓരോരുത്തരുടേയും പേരു പറഞ്ഞ് പ്രാർത്ഥിക്കുക. വചന ശുശ്രൂഷ ചെയ്യുന്നവർക്കായി പ്രത്യേകം. നിങ്ങളുടെ സഭയിൽ നിന്നു സുവിശേഷ വേലക്കായി എത്രപേർ പോയിട്ടുണ്ട്. ഇല്ലെങ്കിൽ നമ്മുടെ മക്കളുൾപ്പെടെയുള്ളവരെ കർത്താവ് വിളിക്കാൻ. വിളി ലഭിച്ചവർ അനുസരിക്കുവാൻ. മൂപ്പന്മാർ, സുവിശേഷകന്മാർ, ശുശ്രൂഷകന്മാർ ഇവർക്കായി പ്രാർത്ഥിക്കുകയും പ്രോത്സാഹനത്തിൻ്റെ വാക്കുകൾ പറയുകയും ചെയ്യുക. പൂർണ്ണസമയ വേലക്കാരുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും നിങ്ങളുടെ പങ്ക് കൊടുക്കുകയും ചെയ്യുക. പിൻമാറ്റക്കാർ, വിവാഹ പ്രായമായവർ, അനാഥർ, വിധവമാർ (ഇവരെ ചെന്നു കാണുകയും). ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ ലിസ്റ്റുണ്ടാക്കി പ്രാർത്ഥിക്കുക. സഭയുടെ മീറ്റിംഗുകൾ സജീവമാകാൻ, കൂടുതൽ പേർ സ്തോത്രം ചെയ്യുവാൻ, വടക്കേ ഇൻഡ്യയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൊടുക്കുവാൻ, വിശ്വാസികളുടെ ഐക്യത്തിനും വചനം പഠിക്കാനുള്ള ആഗ്രഹത്തിനുമായി. ഞായർ രാവിലെ ഒരുക്കത്തോടെ കർത്തൃമേശയിൽ സംബന്ധിക്കാൻ. സഭയിൽ അനൗൺസ്മെൻ്റ് ചെയ്യുന്നവർക്കായി. കണക്കു കൈകാര്യം ചെയ്യുന്നവർക്കായി. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | നമ്മുടെ ഭരണാധികാരികൾക്കായി ശ്രദ്ധയോടെ പ്രാർത്ഥിക്കുക. മുൻ ലക്കങ്ങളിൽ നൽകിയ മന്ത്രിമാരുടെ ലിസ്റ്റ് പരിശോധിക്കുക. രാഷ്ട്രീയ നേതാക്കന്മാരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. സംസ്ഥാന മുഖ്യമന്ത്രിമാർ, ആഭ്യന്തര മന്ത്രിമാർ ഇവർക്കായി. നിങ്ങളുടെ സ്ഥലം എംപി., എംഎൽഎ, മുനിസിപ്പൽ ചെർമാൻ, കൗൺസിലർ, (കോർപ്പറേഷൻ മേയർ) പഞ്ചായത്ത് പ്രസിഡൻ്റ്, മെമ്പർ, പോലീസ് ഉദ്യോഗസ്ഥന്മാർ, ഗവ. ആശുപത്രി ഡോക്ടർമാർ, വിവിധ ഗവ.സ്ഥാപന മേധാവികൾക്കായി. സുവിശേഷ സ്വാതന്ത്ര്യം നിലനിൽക്കാൻ, ദേശത്ത് സമാധാനം ഉണ്ടാകാൻ നമ്മുടെ പ്രാർത്ഥന വിലപ്പെട്ടതാണ്. മതപരിവർത്തന നിരോധന നിയമം നിലവിലുള്ള ഒറീസ്സ, മദ്ധ്യപ്രദേശ്, ചത്തിസ്ഗഡ്, അരുണാചൽ പ്രദേശ്, തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, മന്ത്രിമാർ ഇവർക്കായി, ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിക്കായി. ഇവരെല്ലാവരും രക്ഷിക്കപ്പെടുവാനും ജീവനുള്ള ദൈവത്തെ ഭയപ്പെട്ടു ഭരണം നടത്താനും. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | വിവിധ സഭാവിഭാഗങ്ങളുടെ നേതക്കൾക്കായി. പ്രത്യേകിച്ച് രക്ഷിക്കപ്പെടാത്ത മതമേലദ്ധ്യക്ഷൻമാർക്കായി. കത്തോലിക്കാ, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ, ഇവാൻജലിക്കൽ, സി.എസ്.ഐ തുടങ്ങിയ സഭകളിൽ ആത്മീക ഉണർവുണ്ടായി അനേകം പേർ രക്ഷിക്കപ്പെടുവാൻ. ദിനപത്രങ്ങളിൽ നിന്നും അക്രമണകാരികൾ, ഗുണ്ടാ നേതാക്കൾ ഇവരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. പത്രം, പാൽ, മീൻ, പച്ചക്കറി വിതരണക്കാർ, ഇലക്ട്രിസിറ്റി ജീവനക്കാർ, വീട്ടിൽ, പുരയിടത്തിൽ ജോലി ചെയ്യുന്നവർ, പെട്രോൾ പമ്പിലെ ജോലിക്കാർ, സാധനങ്ങൾ വാങ്ങുന്ന കടയുടമ, ജോലിക്കാരെ ഇവരെയെല്ലാം ഓർത്ത് പ്രാർത്ഥിക്കുകയും അടുത്ത തവണ പ്രയോജനകരമായ ഒരു ട്രാക്ട് നൽകുകയും ചെയ്യുക. ഭവനാംഗങ്ങൾ, ബന്ധുക്കൾ, സഹ ജോലിക്കാർ, സഹപാഠികൾ ഇവരുടെ പേരുകൾ തുടർച്ചയായി ഓർക്കുക സുവിശേഷം പങ്കുവയ്ക്കാൻ. ലിസ്റ്റുണ്ടാക്കി ഭാരത്തോടെ പ്രാർത്ഥിക്കുന്നവർക്ക് നൽകുക. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | വിവിധ രോഗങ്ങളാൽ പ്രയാസപ്പെടുന്നവർക്കായി. അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ബന്ധു ജനങ്ങൾ തുടങ്ങിയവർക്കായി സഹായം അർഹിക്കുന്ന ചിലരുടെ ബാങ്ക് അക്കൗണ്ട് നമ്പരുകൾ നൽകിയിരിക്കുന്നു. പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക. സഹോ. അലക്സാണ്ടർ സാമുവേൽ ഷാർജയിൽ ചികിത്സയിൽ. എ.റ്റി. ശോശാമ്മ തൃശൂർ (എലിപ്പനി) മേരിക്കുട്ടി ജോർജ്ജ് (അടൂർ), ബെറ്റി ജോസ് കിഴക്കമ്പലം (കിഡ്നി സ്റ്റോൺ) കാൻസർ രോഗത്താൽ ഭാരപ്പെടുന്ന തങ്കമ്മ ഫിലിപ്പ് (തൃശൂർ) ആനി വിൽസൺ(ന്യൂ ജേഴ്സി) പ്രിയാ റോയ് (ചേലക്കോട്ടുകര), ഫേബ രാജൻ (തൃശൂർ) അനീഷ് (ദുബായ്), എ.ആർ.പീറ്റർ (പാലക്കാട്) സുഖം പ്രാപിക്കുന്നു. ചിന്നു ചെറിയാൻ (അരീപ്പറമ്പ്) കെ.ജെ. ജോസഫ് (പേരൂർക്കട) ഫേബാ കിഡ്നി സംബന്ധമായ രോഗം:– അനീഷ് ബാബു 22 വയസ്സ് A/c No. 67059388780 SBT കടമ്പനാട് ബ്രാഞ്ച്, ഏലിയാമ്മ സോളമൻ ഐവർകാല A/c No. 57051673410 SBT നെടിയവിള, സുവി. തോമസ് ചെറിയാൻ (പുനലൂർ) സുവി. ലിയോ പോൾ (ഇരഞ്ഞാലക്കുട) അജിത് സിംഗ് (ബംഗാൾ) സുവി. പി.പി.ഫിലിപ്പോസ് (ജാൻസി) മോഹൻപിള്ള (തിരുവല്ല – ചുമത്ര). ഹൃദയ സംബന്ധമായ രോഗങ്ങൾ:– വി.പി. പൗലോസിൻ്റെ ഭാര്യ മോളി കുട്ടി, എം.ടി ഫിലിപ്പോസ് (ഏലപ്പാറ) നെൽസൺ ജോർജ്ജ് (ചെങ്ങറ) അസുഖ ങ്ങൾ ബാധിച്ച കുട്ടികൾ:– റെയിച്ചൽ (4) കോയമ്പത്തൂർ, ജിരമ്യെ ജന്നിംഗ്സ് (തൃശൂർ), ആതിര (16) കുറുപ്പംപടി, മെർലിൻ (മേപ്രാൽ) തുടങ്ങിയവർക്കായി. ആന്ധ്രയിലെ അലഗഡ സ്വദേശി മേരി (ബ്ലഡ് കാൻസർ) സി.എസ് ഏബ്രഹാം (ഇലന്തൂർ) പ്രമേഹം, ഗ്രേസി കണ്ണങ്കര – കണ്ണിന് പ്രയാസം, നിസ്സി (പഴഞ്ഞി) കാഴ്ച നഷ്ടപ്പെടുന്നു. |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | കർണ്ണാടകയിലെ കാമഗരി, കൊള്ളേഗാൽ, മലവള്ളി, റെയ്ച്ചൂർ (സുവി. റ്റി.ജെ. മാത്യു) എന്നിവിടങ്ങളിലെ സ്കൂളുകൾ, അനാഥ ശാലകൾ, സുവിശേഷ പ്രവർത്തകർ ഇവർക്കായി. വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾ അവയുടെ ചുമതലക്കാർ എന്നിവരെ ഓർക്കുക. പ്രയർ ഹാൻഡ് ബുക്ക് തയ്യാറാക്കിയ ഓപ്പറേഷൻ ബർന്നബാസ് സംഘടനയുടെ ഭാരവാഹികൾക്കായി, അതിൽ നിന്നും രണ്ടു സുവിശേഷകരെ രാവിലെയും വൈകിട്ടും ഓർത്ത് പ്രാർത്ഥിക്കുക. സഭാ ഹാളുകൾ ആവശ്യമായിരിക്കുന്ന അട്ടപ്പാടിയിലെ കള്ളമല, ഡാമൻ ഡിയുവിലെ ഡാമൻ, ചത്തിസ്ഗഡിലെ ബാലോദ്, കുറേനാർ എന്നീ സഭകൾക്കായി. മിഷൻ ഫീൽഡുകൾ സന്ദർശിക്കാനും പ്രവർത്തിക്കുന്നവരെ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുവാനും വിശ്വാസികൾക്ക് പ്രേരണ ലഭിക്കാൻ. സ്റ്റിവാർഡ് അസോസിയേഷൻ (തോമസ് രാജൻ) ജി.എഫ്.റ്റി.ഐ. (കോശി സഖറിയ) കെ.ഇ.എം. (പോൾ തോമസ്) ഐ.ഇ.റ്റി (അലക്സ് വർഗ്ഗീസ്) ജി.ജി.എഫ് (ഫിലിപ്പ് വർഗ്ഗീസ്) എന്നീ ഫണ്ടുകൾക്കായി പ്രത്യേകം. |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | എത്യോപ്യയുടെയും സുഡാൻ്റെയും അതിർത്തിയിൽ താമസിക്കുന്ന ബേർട്ടാ ജനവിഭാഗത്തിനുവേണ്ടി, ഏറ്റവും അവികസിത മേഖലയിൽ 160,000 ബേർട്ടകൾ താമസിക്കുന്നു. അടിമക്കച്ചവടത്തിൽ പീഡിപ്പിക്കപ്പെട്ടിരുന്ന ബേർട്ടകൾ 10 ശതമാനം മാത്രമാണ് എഴുത്തും വായനയും അറിയാവുന്നവർ. അപൂർവ്വം ചില ബർട്ടാ വിശ്വാസികൾ മാത്രം. പഴയ നിയമം വിവർത്തം ചെയ്തു തുടങ്ങിയെങ്കിലും 3 വർഷം മുൻപ് നിന്നുപോയി. ഈ ജനവിഭാഗത്തെ ഓർക്കുക. മൗറിട്ടാനിയ രാജ്യത്തിനു വേണ്ടി. ചൂടും വരൾച്ചയും പൊടിപടലം നിറഞ്ഞതുമായ മരുപ്രദേശം. സൈനിക വിപ്ലവങ്ങൾ, വംശീയ കലാപങ്ങൾ ഇവയാൽ കഷ്ടപ്പെട്ട ജനത. പലരും നാടുവിട്ടുപോയി. ക്രിസ്ത്യാനികൾക്ക് അഭിപ്രായ സ്വാതന്ത്ര്യമില്ല. എങ്കിലും ചില പ്രവർത്തനങ്ങൾ അത്ഭുതകരമായി നടക്കുന്നു. ആകെ ജനങ്ങൾ 30 ലക്ഷം ഭൂരിപക്ഷവും ദരിദ്രരാണ്. ഈ രാജ്യത്തിൻ്റെ മോചനത്തിനായി. അമേരിക്കയിലെ ആഫ്രിക്കൻ അടിമകൾ സ്ഥാപിച്ച ലൈബീരിയ എന്ന രാജ്യത്തിനായി. 40% ക്രിസ്ത്യാനികൾ 40% പ്രകൃത്യാരാധനക്കാർ 20% മുസ്ലീങ്ങൾ. ആഭ്യന്തര യുദ്ധങ്ങൾ, വംശീയ കലാപം ഇവ സാധാരണമാണ്. അവികസിത രാജ്യമായ ലൈബീരിയ ക്രിസ്തുവിൽ സമാധാനം അനുഭവിക്കുവാൻ. 10/40 ജാലക രാജ്യങ്ങൾക്കായി പ്രത്യേകം. |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | പക്കാഞ്ചോറിലെ 'ആശാകിരൺ' ആശുപത്രിയുടെ പുനരുദ്ധാരണത്തിനായി. ഡോക്ടർമാർ, (ഒരു വർത്തേക്കെങ്കിലും ചിലർ വരാൻ) മറ്റ് ജീവനക്കാർ ഇവരെ ലഭിക്കാൻ. സുവിശേഷം അറിയിക്കാൻ വലിയ ഒരവസരം. ഭാരതത്തിൽ ഒരു പുതിയ ക്രിസ്ത്യൻ മെഡിക്കൽ കോളജിനായി. ഇപ്പോഴുള്ള വെല്ലൂർ, ലുധിയാന മെഡിക്കൽ കോളേജുകൾ ഇവയുടെ ദർശനം നഷ്ടപ്പെടാതിരിക്കാൻ സോദരി ഭവൻ കൊല്ലം, സ്റ്റുഡൻസ് ഇവാഞ്ചലിസം ഫെലോഷിപ്പ്, ബൈബിൾ തർജ്ജിമയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി. അരലൂ ബാംഗ്ലൂർ എയ്ഡ്സ് രോഗികൾക്ക്, വൃദ്ധമന്ദിരങ്ങൾ:– മിസ് സൻഗ്രൻ മെമ്മോറിയൽ നെല്ലിക്കുന്ന്, ബ്രദ്റൻ മേഴ്സി ഹോം കുമ്പനാട്. ഒട്ടം ഛത്രം (തമിഴ്നാട്), സങ്കേശ്വർ മിഷൻ ഹോസ്പിറ്റൽ ബൽഗാം, നരസപ്പൂർ ക്രിസ്ത്യൻ ഹോസ്പിറ്റൽ (ആന്ധ്ര). അംബാജിപേട്ട വിമൻസ് ഹോസ്പിറ്റൽ. അനാഥ ശാലകൾ, ഗേൾസ് ഹോസ്റ്റലുകൾ: രഹബോത്ത് ഗേൾസ് ഹോം നെല്ലിക്കുന്ന്, ബെഥേസ്ഥ ബോയ്സ് ഹോം ഇരിങ്ങാലക്കുട, ദയാവിഹാർ തിരുവല്ല, ബോയ്സ് ഹോം മലവള്ളി (കർണ്ണാടക) ബ്രദ്റൻ റിലീഫ് ട്രസ്റ്റ് തിരുവനന്തപുരം. സ്കൂൾ മിനിസ്ട്രി :– രെഹബോത്ത് ഗേൾസ് സ്കൂൾ നെല്ലിക്കുന്ന്, നോയൽ മെമ്മോറിയൽ സ്കൂൾസ് കുമ്പനാട് ബ്രദ്റൻ സ്കൂൾ. വടക്കേ ഇൻഡ്യയിലെ നമ്മുടെ സ്കൂളുകൾക്ക് ക്ലാരൻസ് ബാംഗ്ലൂർ, ഇർപ്പനാർ ജീവൻ ജ്യോതി, ജംതാര സ്കൂൾ. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm.